Deshabhimani 24.01.18

# ചാക്കിലെ കാച്ചിൽകൃഷി

## ഉൽപ്പാദനവർധനയ്ക്ക് നല്ല മാർഗം

● സോമു മലപ്പട്ടം

കാച്ചിൽ നല്ലൊരു ഭക്ഷ്യവിഭവമാണ്. പൊട്ടാസ്യം ധാരാളം അടങ്ങിയ കാത്സ്യംഹൈഡ്രേറ്റ് ഇതിൽ ധാരാളം ഉണ്ട്. വിപണിയിൽ മെച്ചപ്പെട്ട വിലയും ലഭിക്കുന്നുണ്ട്. മണ്ണിളക്കം ഉണ്ടെങ്കിൽ നന്നായി വളരും. അതുകൊണ്ടാണ് ചാക്കിൽ കൃഷിചെയ്താൽ നല്ല മുഴുത്ത കിഴങ്ങ് ലഭിക്കുന്നത്.

### ചാക്കിലെ കൃഷി എങ്ങനെ

വലിയ പ്ലാസ്റ്റിക്ചാക്ക് (50-75 കിലോ ഇവയിൽ ഏതെങ്കിലുമൊന്ന്) ശേഖരിക്കണം. അതിന്റെ അടിഭാഗം എട്ട് ഇഞ്ച് വ്യാസത്തിൽ മുറിച്ച് വിടവുണ്ടാക്കണം. ഒന്നരയടി നീളത്തിൽ മുഴുത്ത വാഴത്തട (വാഴപ്പിണ്ടി) മുറിച്ചെടുത്ത് ചാക്കിൽ കുത്തിനിർത്തണം. തുടർന്ന് ചാക്കിൽ വാഴപ്പിണ്ടിക്കുചുറ്റം ചാണകപ്പൊടി, മണൽ, മണ്ണ്, എല്ലുപൊടി എന്നിവയുടെ മിശ്രിതം നിറയ്ക്കണം. വാഴപ്പിണ്ടി ചാക്കിന്റെ മധ്യഭാഗത്ത് താഴ്ന്നുനിൽക്കുംവിധമാകണം മണ്ണുമിശ്രിതം നിറയ്ക്കുന്നത്. വാഴപ്പിണ്ടി പൂർണമായും മൂടുന്നവിധം വേണം മണ്ണു നിറയ്ക്കാൻ.

മണ്ണ് നിറച്ചുകഴിഞ്ഞാൽ വാഴപ്പിണ്ടിയുടെ മുകൾഭാഗത്ത് കാച്ചിലിന്റെ നടീൽവസ്തു നടണം. നട്ടുകഴിഞ്ഞാൽ മുകൾഭാഗത്ത് കുറച്ച് മണ്ണിട്ടുമൂടണം. തുടർന്ന് മുകൾഭാഗത്ത് കരിയില കൂട്ടിയിട്ട് തണൽ ഒരുക്കുകയും വേണം.

കാച്ചിൽ വളരുന്നതോടൊപ്പം വാഴപ്പിണ്ടി അഴുകിക്കൊണ്ടിരിക്കും. വാഴപ്പിണ്ടിയുടെ ഏതാണ്ട് തടയുടെ നീളത്തിൽ കാച്ചിൽ വളരും. എട്ടുമാസത്തെ വളർച്ചയ്ക്കുശേഷം കാച്ചിൽ വിളവെടുക്കാം.

ശ്രീധന്യ, ശ്രീകീർത്തി, ശ്രീശിൽപ്പ, ശ്രീകാർത്തിക, ഇന്ദു എന്നീ ഇനങ്ങൾ ചാക്കിൽ നടാൻപറ്റിയവയാണ്. വളർച്ചയുടെ വിവിധ ഘട്ടങ്ങളിൽ ചാണകപ്പൊടി, ചാരം മണ്ണിരകമ്പോസ്റ്റ് എന്നിവ ചേർത്തുകൊടുക്കണം.



### വിത്ത് തയ്യാറാക്കുന്നവിധം

ഒരു ഹെക്ടറിൽ സാധാരണരീതിയിൽ നടാൻ 2500 കിലോ വിത്ത് ആവശ്യമാണ്. വിത്തുകിഴങ്ങ് നടുകെ മുറിച്ച് ചാണകവെള്ളത്തിൽ മുക്കി തണലിൽ ഉണക്കണം. ഇങ്ങനെ മുറിച്ചുണ്ടാക്കുന്ന കഷണത്തിന് 250 ഗ്രാം തൂക്കമെങ്കിലും വേണം. വിത്ത് നെടുകെമുറിക്കുമ്പോൾ മുളഭാഗം മുറിഞ്ഞുപോകാതിരിക്കാൻ ശ്രദ്ധിക്കണം.

സാധാരണരീതിയിൽ നടുമ്പോൾ 45 സെ.മി ആഴമുള്ള കുഴിയെടുക്കണം. കുഴിയിൽ ചാണകപ്പൊടിയും ചാരവും എല്ലുപൊടിയും ഇട്ട് ഇളക്കണം. നട്ട് ഒരുമാസമെങ്കിലും തണൽ നൽകണം. വളരുന്ന മുറയ്ക്ക് താങ്ങുകൾ കുഴിച്ചിട്ടുകൊടുക്കണം.